# യാക്കോബ് എഴുതിയ ലേഖനം

## മുഖവുര

യാക്കോബു മുതൽ യൂദാ വരെയുള്ള ഏഴു ലേഖനങ്ങൾ പൊതുലേഖനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. സഭയിൽ നുഴഞ്ഞുകയറിയ അനാചാര ങ്ങളെ തുറന്നുകാട്ടുന്ന ഒരു ലേഖനമാണ് ഇത്. ക്രിസ്തുവിലുള്ള വിശ്വാസത്തെ ദൈനംദിന ജീവിതത്തിൽ വെളിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഈ ലേഖനത്തിൽ ഊന്നിപ്പറയുന്നു. യഥാർത്ഥ വിശ്വാസം പരീക്ഷയിൽ സഹിഷ്ണുത പാലിക്കുന്നതും, പ്രലോഭനങ്ങൾക്കു കീഴടങ്ങാത്തതും, സ്ഥിരതയുള്ളതും ആയിരിക്കും. റോമാ സാമ്രാജ്യത്തിൽ ചിതറിപ്പാർക്കുന്ന യെഹൂദ ക്രിസ്ത്യാനികൾ അന്നു വിശ്വാസത്തിന്റെ പരിശോധന സഹിക്കുന്നവർ ആയിരുന്നു. അവരെക്കുറിച്ചുള്ള ഉൽക്കണ്ഠ ഈ ലേഖനം എഴുതുവാൻ മുഖാന്തര മായി എന്നു കരുതുന്നു. പ്രായോഗിക ക്രിസ്തീയ ജീവിതത്തിനു പ്രാധാന്യം നൽകുന്ന ലേഖനമാണ് ഇത്.

ലേഖനകർത്താവു ക്രിസ്തുവിന്റെ അർദ്ധസഹോദരനും യെരൂശലേം സഭയിലെ മൂപ്പനുമായിരുന്ന യാക്കോബാണ്. വേറെ മൂന്നു യാക്കോബുമാരെക്കുറിച്ചും പുതിയനിയമത്തിൽ സൂചന ഉണ്ട്. സെബെദിയുടെ മകൻ യാക്കോബ്, അല്ഫായിയുടെ മകൻ യാക്കോബ്, യൂദയുടെ പിതാവായ യാക്കോബ് എന്നിവ രാണ് അവർ. ലേഖനം എ.ഡി. 49 ൽ യെരൂശലേം കൗൺസിലിനു മുൻപായി എഴുതപ്പെട്ടു എന്നു കരുതുന്നു.

ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ കാലത്തു തന്റെ സഹോദരന്മാർ അവനിൽ വിശ്വസിച്ചിരുന്നില്ല (യോഹ. 7:5). പുനരുത്ഥാനം ചെയ്ത ക്രിസ്തു യാക്കോബിനു പ്രത്യക്ഷപ്പെട്ടതിന്റെ ഫലമായി അവൻ ക്രിസ്തുവിൽ വിശ്വസിച്ചു എന്നു മനസ്സിലാക്കാം (1 കൊരി. 15:7). തന്റെ സഹോദരന്റെ ഗിരിപ്രഭാഷണം യാക്കോബിൽ സ്വാധീനം ചെലുത്തിയിരുന്നു എന്നു ലേഖനം വ്യക്തമാക്കുന്നു. സഭയിലെ പ്രശ്നങ്ങളെ നഗ്നമായ ഭാഷയിൽ വെളിപ്പെടുത്തുവാൻ ലേഖനകർത്താവു മടിച്ചിരുന്നില്ല (2:4; 5:1-6). പരീക്ഷയുടെ ഉദ്ദേശം, പ്രലോഭന ത്തിന്റെ ഉത്ഭവം, വിശ്വാസത്തിന്റെ വേല, കഷ്ടം സഹിക്കുന്നതുകൊണ്ടുള്ള അനുഗ്രഹം, പ്രാർത്ഥനയുടെ പ്രാധാന്യം, പാപത്തോടുണ്ടായിരിക്കേണ്ട മനോഭാവം തുടങ്ങിയ വിഷയങ്ങൾ ഈ ലേഖനത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു.

## ലേഖന വിഭജനം

1. വിശ്വാസത്തിന്റെ പരിശോധന (1:1-18)
2. വചനത്തോടുള്ള പ്രതികരണം (1:19-27)
3. വിശ്വാസത്തിന്റെ വേല (2:1-26)
4. നാവിനെ നിയന്ത്രിക്കുക (3:1-18)
5. ലോകസ്നേഹം ഉപേക്ഷിക്കുക (4:1-17)
6. സ്വാർത്ഥതയുടെ അപകടം (5:1-6)
7. ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കുള്ള ഒരുക്കം (5:7-20)

### അദ്ധ്യായം 1

## വിശ്വാസത്തിന്റെ പരിശോധന (1:1-12)

ലേഖനകർത്താവു യേശുവിന്റെ അർദ്ധസഹോദരനായ യാക്കോബ് ആകുന്നു (മത്താ. 13:55). തന്റെ രക്തബന്ധത്തെക്കാൾ ക്രിസ്തുവിന്റെ അടിമ ദാസനായി യാക്കോബു തന്നെ വെളിപ്പെടുത്തുന്നു. യജമാനന്റെ ആജ്ഞ അനുസരിക്കുന്നവനാണ് ദാസൻ. യെരൂശലേമിലെ സഭയ്ക്ക് ഉപദ്രവം നേരിട്ടപ്പോൾ എബ്രായ ക്രിസ്ത്യാനികൾ റോമാസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു ചിതറിപ്പോകേണ്ടി വന്നിരുന്നു (പ്രവൃ. 8:1). അവർക്കാണ് മുഖ്യമായും ഈ ലേഖനം എഴുതിയിരിക്കുന്നത്. അവർ ക്രിസ്തുവിൽ സഹോദര ന്മാരാണ്. വീണ്ടും ജനിച്ചവർ ദൈവകുടുംബത്തിന്റെ അംഗങ്ങൾ ആകുന്നു.

ദൈവമക്കളുടെ ജീവിതത്തിൽ പരീക്ഷകൾ ഉണ്ടാകുന്നത് അവർ ആത്മിക പക്വത ഉള്ളവർ ആകുവാനാണ്. അതു ദൈവഹിതമാകുന്നു എന്നു മനസ്സിലാക്കുവാൻ നമുക്കു കഴിയണം. ക്രിസ്തീയ ജീവിതത്തിൽ ഉണ്ടാകുന്ന പരിശോധനകൾ വിശ്വാസത്തിന്റെ പരിശോധനകളാണ്. അതുകൊണ്ടു ലഭിക്കുന്ന ആത്മീയ അനുഗ്രഹങ്ങളെക്കുറിച്ചുള്ള അനുഭവജ്ഞാനം ലഭിക്കുമ്പോൾ സന്തോഷിക്കുവാൻ കഴിയും. നാം വിശ്വസിപ്പാൻ മാത്രമല്ല ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുവാനും വരം ലഭിച്ചവരാണ് (ഫിലി. 1:29). അനേക കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടവരാണ് വിശ്വാസികൾ (പ്രവൃ. 14:22). കർത്താവിന്റെയും അപ്പൊസ്തലന്മാരുടെയും അനുഭവങ്ങൾ അതാണ് വ്യക്തമാക്കുന്നത്. ദൈവമക്കൾ പരീക്ഷകൾ സൃഷ്ടിക്കുന്നവർ ആകരുത്. നാം ജീവിക്കുന്ന ലോകം പാപത്തിന് അടിമപ്പെട്ടതും രോഗദുഃഖാദികളാൽ നിറഞ്ഞതുമാണ്. അതിന്റെ മദ്ധ്യത്തിൽ വിശ്വാസികൾക്കു സന്തോഷിക്കുവാനും ദൈവത്തിലാശ്രയിച്ചു ധൈര്യപ്പെടുവാനും ഇടയാകണം. ദാവീദു നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാണെന്നു മനസ്സിലാക്കിയിരുന്നു (സങ്കീ. 34:19). ഇയ്യോബു മനുഷ്യൻ കഷ്ടത സഹിക്കുവാൻ

ജനിച്ചിരിക്കുന്നു എന്നു പറഞ്ഞു (ഇയ്യോ. 5:7). പരീക്ഷകളും കഷ്ടതകളും ഉണ്ടാകുന്നതു പാപം മൂലമല്ല. പ്രത്യുത വിശ്വാസത്തിൽ നാം സ്ഥിരത ഉള്ളവരാകുവാൻ ദൈവം അനുവദിച്ചു നൽകുന്നതാണ്. കഷ്ടത സഹിഷ്ണുത ഉളവാക്കുന്നു എന്നു പൗലൊസിന് അനുഭവജ്ഞാനം ഉണ്ടായിരുന്നു. അതുകൊണ്ടു കഷ്ടങ്ങളിൽ താൻ സന്തോഷിക്കുന്നവനായി (റോമ. 5:3,4). അബ്രഹാം പരീക്ഷയിൽ ജയിച്ചു ദൈവത്തിന്റെ അംഗീകാരവും അനുഗ്ര ഹവും പ്രാപിച്ചു (ഉല്പ. 22). ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അവകാശമാക്കുവാൻ വിശ്വാസത്തിൽ സ്ഥിരത ഉള്ളവർ ആകണം (എബ്രാ. 6:12). പരീക്ഷ കളുടെ മദ്ധ്യത്തിൽ ചിന്താകുലരാകാതെ ദൈവഹിതം നിവർത്തിയാകുവാൻ നാം മനസ്സുള്ളവർ ആകുമ്പോൾ അനുഗ്രഹിക്കപ്പെടും (1 പത്രൊ. 5:6,7).

എന്തുകൊണ്ടാണ് നാം പരീക്ഷകളിൽ തളർന്നുപോകുന്നത്? പരീക്ഷ കളിൽ കൂടി ഉളവാകുന്ന അനുഗ്രഹങ്ങളെക്കുറിച്ചുള്ള ജ്ഞാനം നമുക്ക് ഇല്ല എന്നതാണ് അതിനുള്ള കാരണം. അതുകൊണ്ടു ദൈവത്തെ കുറ്റപ്പെടുത്താതെ എല്ലാവർക്കും ഔദാര്യമായി നൽകുന്ന ദൈവജ്ഞാനത്തിനായി നാം യാചിക്കുന്നവർ ആകണം (1:5). രണ്ടാമതായി നാം ദൈവവാഗ്ദത്തങ്ങളിൽ വിശ്വാസമുള്ളവർ അല്ല. ദൈവഹിതം മനസ്സിലാക്കി തീരുമാനങ്ങൾ ചെയ്യുവാൻ നാം കഴിവുള്ളവരല്ല. നാം ദൈവവാഗ്ദത്തങ്ങൾ വിശ്വസിക്കുമ്പോൾ ആത്മീയ അന്ധതയിൽ തപ്പിനടക്കാതെ തീരുമാനങ്ങൾ എടുക്കുവാൻ കഴിവുള്ളവർ ആകും. ജ്ഞാനം ദൈവിക ആലോചനകൾ ഗ്രഹിച്ചു തീരുമാനങ്ങൾ എടുക്കുവാനുള്ള കഴിവാണ്. അതുള്ളവർക്കു മാത്രമേ പക്വത പ്രാപിപ്പാൻ കഴികയുള്ളൂ. ദൈവത്തിൽനിന്നും ജ്ഞാനം ലഭിക്കുവാൻ വിശ്വാസത്തോടെ നാം യാചിക്കുന്നവർ ആകണം. നാം അവിശ്വാസമുള്ള ദുഷ്ടഹൃദയം ഉള്ളവർ ആകരുത്. ഇരുമനസ്സുള്ളവർ ഉപദേശത്തിൽ അസ്ഥിരർ ആയിരിക്കും (എഫെ. 4:14). അവർ സാഹചര്യങ്ങളെ കണ്ടു ഭയപ്പെടുന്നു. അവർ ആത്മീയ പക്വത പ്രാപിക്കാത്തവരും സന്തോഷമില്ലാത്തവരും ആകുന്നു. നാം ദൈവഹിതത്തിനു കീഴ്പ്പെടുമ്പോൾ ആത്മീയ സമ്പത്തിൽ സന്തോഷിക്കുന്നവർ ആകും. ധനവാന്മാർ സമ്പത്തിന്റെ ക്ഷണികത്വം സമ്മതിച്ചുകൊണ്ട് ആത്മീയ വിഷയങ്ങളിൽ പ്രശംസിക്കുന്നവർ ആകണം. മനുഷ്യൻ പുല്ലുപോലെ ക്ഷണികൻ ആകുന്നു എന്നു വിശ്വാസികളെ ഇവിടെ ഓർപ്പിക്കുന്നു.

കർത്താവിനോടുള്ള സ്നേഹം പരീക്ഷ സഹിക്കുവാൻ നമുക്കു പ്രചോദനം നൽകണം. കർത്താവു നമ്മെ ആദ്യം സ്നേഹിച്ചു. അതുകൊണ്ടാണ് നാം അവനെ സ്നേഹിക്കുന്നത്. അത് അവന്റെ വചനം പഠിക്കുവാനും, അവന്റെ കല്പനകൾ അനുസരിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു. നാം പരീക്ഷകളിൽ സന്തോഷിക്കുന്നവർ ആകണം. അങ്ങനെ ആത്മീയ പക്വത പ്രാപിക്കുന്നവർ കർത്താവിൽനിന്നും ജീവകിരീടം പ്രാപിക്കും.

## പരീക്ഷയുടെ ഉത്ഭവസ്ഥാനം (1:13-18)

എല്ലാ മനുഷ്യരുടെ ജീവിതത്തിലും പരീക്ഷകൾ ഉണ്ട്. സ്വന്തസുഖത്തിനും ലാഭത്തിനുമായി തെറ്റായ മാർഗ്ഗങ്ങൾ അന്വേഷിക്കുവാൻ വശീകരിക്ക പ്പെടുന്നതാണ് പരീക്ഷ. അതു ദൈവത്തിൽനിന്നും വരുന്നു എന്നു തെറ്റിദ്ധരിക്കുന്നവർ ഉണ്ട്. എന്നാൽ പരീക്ഷ സ്വന്തമോഹത്താൽ ഉളവാകുന്നതാണ് (1:14). ദൈവം ആരെയും ദോഷങ്ങളാൽ പരീക്ഷിക്കുന്നവനല്ല. അവൻ പരിശുദ്ധനും ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനുമാണ്. എന്നാൽ വിശ്വാസികൾ കൊള്ളാകുന്നവരായി തീരുവാൻ പരിശോധിക്കപ്പെടും. അബ്രഹാ മിന്റെ അനുഭവം അതു തെളിയിക്കുന്നു (ഉല്പ. 22).

പരീക്ഷകൾ ഉണ്ടാകുന്നതു ദുർമോഹം മൂലമാണ്. കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ നിലകളിൽ നാം പരീക്ഷിക്കപ്പെടും. സാത്താൻ തെറ്റായ കാര്യങ്ങൾ മോഹിക്കുവാൻ ജീവിതത്തിൽ കൊണ്ടുവരും. ആ മോഹങ്ങൾക്ക് അടിമപ്പെടുന്നതാണ് പാപം. ദൈവഹിതപ്രകാരമുള്ള കാര്യങ്ങൾ ആഗ്രഹിക്കുന്നതു തെറ്റല്ല. എന്നാൽ വചനത്തിനു വിരുദ്ധമായ കാര്യങ്ങൾ ആഗ്രഹിക്കരുത്. ആഹാരം, വിവാഹം തുടങ്ങിയവ ദൈവം അനുവദിച്ചിട്ടുള്ള ആഗ്രഹങ്ങൾ ആണ് (എബ്രാ. 13:4). പരീക്ഷകളിലേക്കു നാം വശീകരിക്കപ്പെടുന്നതു നമ്മിലുള്ള ജഡസ്വഭാവം നിമിത്തമാണ്. അതു നാം അനുസരിക്കുമ്പോൾ പാപം ഉളവാകുന്നു. നമ്മുടെ വൈകാരിക പ്രവണതകൾക്കു പ്രാധാന്യം നൽകുമ്പോൾ നാം പരീക്ഷയിൽ പരാജയപ്പെടുന്നു. ക്രിസ്തീയ ജീവിതം ദൈവവചനപ്രകാരം നയിക്കേണ്ടതാകുന്നു. അതിനു ദൈവാത്മാവു നമ്മുടെ ഇച്ഛാശക്തി നിയന്ത്രിക്കണം. പാപം മുഴുത്തിട്ടു മരണ ത്തെ പ്രസവിക്കും. അതിനു വർഷങ്ങൾ തന്നെ എടുത്തു എന്നു വരാം. അവിശ്വാസികൾ അങ്ങനെ ദൈവസംസർഗ്ഗം നഷ്ടപ്പെട്ട അവസ്ഥയിൽ കഴിയുന്നു. വിശ്വാസികൾ വഞ്ചിക്കപ്പെടരുത്. സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ വിശ്വാസികളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുവാൻ ഇടയാകരുത് (2 കൊരി. 11:3). ജഡിക സന്തോഷം പാപത്തിലേക്കു ആകർഷിക്കുവാൻ ശക്തിയുള്ളതാകുന്നു. അതിനുള്ള പ്രതിവിധി അനുഗ്രഹങ്ങളുടെ ഉറവിടമായ കർത്താവിൽ ഏകാഗ്രചിത്തരാകുക എന്നുള്ളതാണ്. ഈ സത്യം പൗലൊസു ഫിലിപ്പ്യ യിലുള്ള ദൈവജനത്തെ ഓർമ്മിപ്പിക്കുന്നു (ഫിലി. 4:8). ഇരുമനസ്സുള്ളവർ പരീക്ഷകളിൽ പരാജയപ്പെടും. അവർ മാറ്റമില്ലാത്തവനായ ദൈവത്തിൽ ആശ്രയിച്ചു ജയജീവിതം നയിക്കണം. അവന്റെ കൃപ അതിനു ശക്തി നൽകും. രണ്ടാമതായി അവർ ദൈവഹിതപ്രകാരം വീണ്ടും ജനിച്ചവരാണെന്നുള്ള ബോധം ഉള്ളവരാകണം. അതു ദൈവം കൃപയാൽ തന്റെ വചനത്തിൽ കൂടി വിശ്വാസികൾക്കു നൽകുന്നു. നാം പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടവർ അല്ല. നാം പുതിയ സൃഷ്ടിയാകുന്നു. ദൈവാത്മാവു നമ്മിൽ വസിക്കുന്നു. നാം ദിവ്യസ്വഭാവം പ്രദർശിപ്പിക്കുവാൻ കടപ്പെട്ടവരത്രെ. ഈ ചിന്തകൾ പരീക്ഷകളെ ജയിക്കുവാൻ നമ്മെ സഹായിക്കണം.

## സ്വയം വഞ്ചിക്കപ്പെടരുത് (1:19-27)

ക്രിസ്തീയ ജീവിതത്തിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങളാണ് ഈ ലേഖന ത്തിൽ മുഖ്യമായും കാണുന്നത്. പുതിയനിയമത്തിലെ സദൃശവാക്യങ്ങൾ എന്നു യാക്കോബിന്റെ ലേഖനം അറിയപ്പെടുന്നു. ഈ വേദഭാഗത്തു ദൈവ വചനത്തോടു നാം എങ്ങനെ പ്രതികരിക്കണം എന്നു ചൂണ്ടിക്കാണിക്കുന്നു. വചനം കേട്ടു രക്ഷിക്കപ്പെട്ടവരാണ് യഥാർത്ഥ വിശ്വാസികൾ. പലരും വചനം കേൾക്കുന്നു എങ്കിലും വിശ്വാസമായി പരിണമിക്കുന്നില്ല. അതു വഴിയരികെയും പാറസ്ഥലത്തും മുള്ളിനിടയിലും വീണ വിത്തിനു തുല്യമാണ് (മത്താ. 13:18-22). വചനകേൾവിയിൽ മാന്ദ്യമുള്ളവരാകുന്നത് ആത്മീയ ശിശുത്വത്തിലേക്കു നയിക്കും (എബ്രാ. 5:11). നാം ദൈവകുടുംബത്തിന്റെ അംഗങ്ങളാണ്. നാം ദൈവശബ്ദം കേൾക്കുന്നവർ ആകണം.

ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതാണ്. അതു ജീവനും ഭക്തിക്കും നൽകിയിരിക്കുന്നു. അതു രക്ഷയിലേക്കു നമ്മെ നയിക്കുന്നതാണ്. വിശുദ്ധ ജീവിതത്തിനു പ്രേരണ നൽകുന്നു. ഇന്നു വചനം കേൾക്കുന്ന പലരും അതു ശ്രദ്ധിക്കുന്നവരല്ല. പ്രത്യേകിച്ചും ക്രൈസ്തവ ഭവനങ്ങളിൽ വളർത്തപ്പെട്ടവർ വചനം കേൾക്കുവാൻ മാന്ദ്യം ഉള്ളവരാണ്. വചനകേൾവി ആത്മീയ ഉണർവ്വിന് ഒഴിച്ചുകൂടാത്തതാകുന്നു (നെഹെ. 8). അതിനുള്ള ആവേശം നമുക്കുണ്ടാകണം.

ദൈവമക്കൾ സംസാരിക്കുന്നതിൽ താമസം ഉള്ളവർ ആകണം. 'അധരം അടക്കുന്നവൻ ബുദ്ധിമാൻ' എന്നു ശലോമോൻ പറയുന്നു (സദൃ. 10:19). ദൈവത്തോടും സഹോദരന്മാരോടും വാദിച്ചു തർക്കിക്കുന്നവർ ആകരുത്. ദൈവശബ്ദം കേൾക്കുവാൻ മൗനമായിരിക്കുന്ന പരിചയം നല്ലതാണ് (സങ്കീ. 46:10). ദൈവമക്കൾ കോപിക്കുന്നവർ ആകരുത്. അവർ ആത്മനിയന്ത്രണമുള്ളവർ ആകണം. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതി നിവർത്തിക്കുന്നില്ല. ദൈവവചനം ഒരു കണ്ണാടിയാകുന്നു. അതു നമ്മുടെ പാപങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ, ദൈവത്തോടു കോപിക്കുന്നതു കണ്ണാടി പൊട്ടിച്ചുകളയുന്നതിനു തുല്യമാണ്. സഹോദരനോടു കോപിക്കുന്നവർക്കു ദൈവത്തിനു പ്രസാദകരമായ ആരാധന കഴിക്കുവാൻ കഴിയുന്നതല്ല. ശാന്തമാനസൻ ദൈവവചനം ശ്രദ്ധിക്കുന്ന ബുദ്ധിമാൻ ആകുന്നു (സദൃ. 17:27). ദൈവവചനം നിർമ്മലഹൃദയമുള്ളവരായി സൗമ്യതയോടെ കൈക്കൊള്ളുന്നവർ ആകണം. ഹൃദയം നല്ല നിലമായിരിക്കുമ്പോൾ വിത്ത് ഫലം പുറപ്പെടുവിക്കും. പാപങ്ങൾ ഏറ്റുപറഞ്ഞു ശുദ്ധീകരണം പ്രാപിക്കണം. വചനം അനുസരിക്കുവാൻ മനസ്സുള്ളവർക്കു മാത്രമേ അത് അനുഗ്രഹമായി തീരുകയുള്ളൂ (യോഹ. 7:17; സങ്കീ. 25:14).

വചനം കേട്ടതുകൊണ്ടു മാത്രം പ്രയോജനം ഇല്ല. അത് അനുസരി ക്കുവാൻ മനസ്സുണ്ടാകണം. ദൈവത്തിനു പണ്ഡിതന്മാരെ ആവശ്യമില്ല. വചനം അനുസരിക്കുന്നവർ അനുഗ്രഹിക്കപ്പെടും (യോഹ. 13:17). കർത്താവിനെക്കുറിച്ചുള്ള അറിവും അനുസരണവും ഒരുമിച്ചുപോകണം. വചനം പ്രസംഗി ക്കുന്ന വ്യക്തികളേക്കാൾ വചനത്തിനു പ്രാധാന്യം നൽകണം.

വചനത്തെ മുഖംനോക്കുന്ന കണ്ണാടിയോട് ഉപമിച്ചിരിക്കുന്നു. കണ്ണാടി മുഖത്തെ അഴുക്കു വെളിപ്പെടുത്തുന്നു. അതു ശ്രദ്ധിക്കാതെ അവഗണിക്കുന്നവരുണ്ട്. അതുപോലെയാണ് ചില വിശ്വാസികൾ. വചനം വെളിപ്പെടുത്തുന്ന പാപങ്ങൾ ഏറ്റുപറഞ്ഞു നീതിയുള്ള ജീവിതം അവർ നയിക്കുന്നില്ല. പലർക്കും ബൈബിൾ വായന ഒരു ആത്മീയ ദൈനംദിന ചടങ്ങാണ്. അവർ വചനം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിക്കുന്നവരല്ല. അവർ വചനം ഉടനെ മറക്കുന്നു. ദൈവമക്കൾ ദൈവവചനം ശ്രദ്ധയോടെ കേൾക്കുന്നവർ ആകണം. അപ്പോൾ നാം പാപത്തെ വെറുക്കുന്നവരും നീതിയെ അന്വേഷിക്കുന്നവരും ആകും (യെശ. 6:5). വചനം കേട്ട് അത് അനുസരിക്കുന്നവരാണ് യഥാർത്ഥ വിശ്വാസികൾ. അവർ വാക്കിലും പ്രവൃത്തിയിലും ദൈവത്തെ മഹത്വപ്പെടുത്തുന്നവർ ആകും. ദുഷിച്ച സംസാരം വിശ്വാസികൾക്കു യോഗ്യമല്ല. വാക്കുകൊണ്ടു മാത്രം ഭക്തി പ്രകടിപ്പിക്കുന്നവർ പരീശന്മാരുടെ കപടഭക്തിക്ക് അടിമ കളാണ്. അവർ സ്വയം വഞ്ചിക്കപ്പെടുന്നു. യഥാർത്ഥ ഭക്തി ലോകത്താലുള്ള കളങ്കം പറ്റാതെ ദൈവകല്പനകൾ അനുസരിച്ചു ജീവിക്കുന്നതാകുന്നു. ലോകത്തോടുള്ള കൂട്ടുകെട്ടു ലോകത്തോടു നമ്മെ അനുരൂപരാക്കും (റോമ. 12:1,2). അതു ക്രിസ്തീയ സാക്ഷ്യവും സന്തോഷവും നഷ്ടപ്പെടുവാൻ കാരണ മാകും. നാം അനുദിനം വചനകേൾവിയാൽ മനസ്സുപുതുക്കി ക്രിസ്തുവിനോട് അനുരൂപരാകണം. അപ്പോൾ നാം സൽപ്രവൃത്തികളിൽ ഉത്സാഹമുള്ളവർ ആകും. അതിനു കർത്താവു നമ്മെ ഏവരേയും സഹായിക്കട്ടെ.

## അദ്ധ്യായം 2

## വിശ്വാസവും പ്രവൃത്തികളും (2:1-13)

വിശ്വാസികൾ പരിശോധനയിൽ സ്ഥിരതയുള്ളവരും വചനം അനുസരിക്കുന്നവരും ആയിരിക്കണം. അവർ സഹോദരന്മാരാകയാൽ മുഖപക്ഷം കാണിക്കരുത്. ബാഹ്യമായ ദർശനം മുൻവിധിയും മുഖപക്ഷവും ഉള്ളവരാകുവാൻ കാരണമാകും. ദൈവം ഹൃദയങ്ങളെ നോക്കുന്നു (1 ശമൂ. 16:7). ദൈവമക്കൾ ആത്മീയമായി വിവേചിക്കുവാൻ കഴിവുള്ളവർ ആയിരിക്കണം. ദൈവത്തിനു മുഖപക്ഷം ഇല്ല. ദൈവമക്കൾ മുഖപക്ഷം കാണിക്കുന്നതു പാപമാകുന്നു. യാക്കോബ് അതിന്റെ അപകടം ഈ അദ്ധ്യായത്തിൽ ചൂണ്ടിക്കാണിക്കുന്നു. അതു വ്യക്തമാക്കുവാൻ ഒരു ദൃഷ്ടാന്തം 2-4 വരെയുള്ള വാക്യങ്ങളിൽ നൽകിയിരിക്കുന്നു. അതിനെക്കുറിച്ചുള്ള വിശദീകരണം 5-11 വരെയുള്ള വാക്യങ്ങളിലും അതു സംബന്ധിച്ചുള്ള പ്രായോഗിക ഉപദേശങ്ങൾ 12,13 വാക്യങ്ങളിലും കാണാവുന്ന

താണ്.

വിശ്വാസികളുടെ കൂടിവരവുകളിൽ ആഡംബര വസ്ത്രം ധരിച്ചു വരുന്നവർക്കു മുഖ്യസ്ഥാനവും ദരിദ്രന് അവഗണനയും നൽകുന്ന പ്രവണത അന്നുണ്ടായിരുന്നു. കപടഭക്തരായ പരീശന്മാർ അന്നു മുഖ്യാസനം ആഗ്രഹിക്കുന്നവർ ആയിരുന്നു (മത്താ. 23:6,7). കർത്താവു മനുഷ്യരുടെ മുഖം നോക്കാതെ സത്യം സംസാരിച്ചു (മത്താ. 22:16). അന്നത്തെ ധനവാന്മാർ ദൈവജനത്തെ പീഡിപ്പിച്ചിരുന്നു (2:6). എങ്കിലും അവർക്കു മുഖ്യാസനം കൊടുക്കുവാൻ പരീക്ഷിക്കപ്പെട്ടിരുന്നു. ദൈവമക്കൾ അന്യോന്യം ശുശ്രൂഷിപ്പാൻ നിയോഗം ലഭിച്ചവരാണ് (യോഹ. 13). നാം കാഴ്ചപ്രകാരം വിധിക്കാതെ നീതിയുള്ള വിധി കഴിക്കുന്നവർ ആകണം (യോഹ. 7:24). ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബ്ബന്ധിക്കപ്പെട്ടവരായി നാം മറ്റുള്ളവരെ കാണണം. വിശ്വാസികളെ ക്രിസ്തുവിനുള്ളവരായും അവിശ്വാസികളെ ക്രിസ്തു സ്നേഹിച്ചു സ്വന്ത ജീവൻ കൊടുത്തവരായും വീക്ഷിക്കണം. ക്രിസ്തു പത്രൊസിൽ ഒരു പാറയെപ്പോലുള്ള ദൃഢനിശ്ചയവും മത്തായിയിൽ വിശ്വസ്ത ശിഷ്യനെയും കണ്ടു. ദൈവമക്കളിലുള്ള സൽഗുണങ്ങൾ കണ്ട് അവരെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും നമുക്കു കഴിയണം.

ദരിദ്രരായ ദൈവമക്കളെ അവഗണിക്കുന്നതു തെറ്റാണെന്നു തെളിയി ക്കുവാൻ മൂന്നു ന്യായങ്ങൾ 5-11 വരെയുള്ള വാക്യങ്ങളിൽ കൊടുത്തിരിക്കുന്നു. ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരാക്കുവാൻ തിരഞ്ഞെടുത്തു. അവർ ദൈവരാജ്യത്തിന്റെ അവകാശികൾ ആണ്. ദൈവദൃഷ്ടിയിൽ വർണ്ണവർഗ്ഗവ്യത്യാസവും ഉച്ചനീചത്വങ്ങളും ഇല്ല. എല്ലാവരും പാപികൾ ആകുന്നു. സൽപ്രവൃത്തികൾക്കും മാനുഷിക യോഗ്യതകൾക്കും ആരെയും രക്ഷിക്കുവാൻ കഴിയുന്നതല്ല. രക്ഷ കൃപയാൽ മാത്രം ആകുന്നു (1 ശമൂ. 2:7,8). ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരി ക്കുവാൻ ബലഹീനവും നികൃഷ്ടവുമായവയെ ദൈവം തിരഞ്ഞെടുത്തു (1 കൊരി. 1:28,29). പള്ളിയിൽ സ്ഥാനം ആഗ്രഹിക്കുന്നവർ ദൈവത്തെ ദുഷിക്കുന്നവരും ദൈവജനത്തെ പീഡിപ്പിക്കുന്നവരുമാണ്. അവർ ദരിദ്രരായ വിശ്വാ സികളെപ്പോലെ സ്വന്തപാപം അംഗീകരിക്കുന്നവരല്ല. മുഖപക്ഷം കാണിക്കുന്നവർ കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്ന ന്യായപ്രമാണ കല്പന ലംഘിക്കുന്നവരാണ് (2:8,9). സ്നേഹം മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കയും ബഹുമാനിക്കയും ചെയ്യുന്നു. ക്രിസ്തു നമ്മെ അംഗീകരിച്ചതുപോലെ മറ്റുള്ളവരെ അംഗീകരിക്കുവാൻ അപ്പോൾ നമുക്കും കഴിയും. മുഖപക്ഷം കാണിക്കുന്നവർ മറ്റു ഹീനപാപങ്ങൾ ചെയ്യുന്നവർക്കു തുല്യരാകുന്നു. ഒന്നിൽ തെറ്റിയാൽ സകലത്തിനും കുറ്റക്കാരാകും എന്നത്രെ ന്യായപ്രമാണം കല്പിക്കുന്നത്.

ക്രിസ്തീയ ജീവിതം ദൈവവചനാനുസരണം നയിക്കുമ്പോൾ മുൻ വിധിയും മുഖപക്ഷവും വിട്ടൊഴിയുവാൻ സാധിക്കും. അവ ജഡത്തിന്റെ പ്രവൃത്തികൾ ആണ്. അതു ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ വെന്തുപോകും (2 കൊരി. 5:9,10). നാം സഹോദരവർഗ്ഗത്തെ സ്നേഹിക്കുമ്പോൾ മുഖപക്ഷം ഉള്ളവരാകയില്ല. നമ്മുടെ വാക്കുകളിലും ഏർപ്പാടുകളിലും വിവേചനം പ്രദർശിപ്പിക്കരുത്. എല്ലാവരോടും മനസ്സലിവോടെ ഏർപ്പെടുവാൻ കഴിയണം. കരുണ കാണിക്കുന്നവർക്കു കരുണ ലഭിക്കും (മത്താ. 5:7).

ദൈവമക്കൾ മുഖപക്ഷം കാണിക്കുന്നവർ ആകരുത്. എന്നാൽ ആത്മീയമായി വിവേചിക്കുവാൻ കഴിവുള്ളവർ ആകണം. അതിന് ആത്മീയ പക്വത ആവശ്യം ആകുന്നു (എബ്രാ. 5:14). സഭയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അതിന്റെ ആവശ്യം ഉണ്ട് (ഗലാ. 6:1,2). കർത്താവിന്റെ വേലയ്ക്കായി വേർ പ്പെടുന്നവരെ അംഗീകരിക്കുവാൻ അത് ആവശ്യമാകുന്നു (1 തിമൊ. 5:21,22). സഭയിലെ ശുശ്രൂഷകന്മാരെ അംഗീകരിക്കുമ്പോൾ അവരെ വിവേചിച്ചു മനസ്സിലാക്കണം (1 തിമൊ. 3:1-13). ദുരുപദേശങ്ങൾ മനസ്സിലാക്കുവാൻ വിവേചനത്തിന്റെ ആവശ്യം ഉണ്ട് (1 തിമൊ. 6:3-5). അങ്ങനെ മുഖപക്ഷം ഇല്ലാത്ത വരും ആത്മീയമായി വിവേചിപ്പാൻ പ്രാപ്തരും ആകുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

## പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവം (2:14-26)

ഈ വേദഭാഗം വളരെ തെറ്റിദ്ധാരണകൾക്കു വിഷയീഭവിച്ചിട്ടുണ്ട്. രക്ഷ കൃപയാൽ വിശ്വാസം മൂലമാണ് (എഫെ. 2:8,9). യഥാർത്ഥ വിശ്വാസം പ്രവൃ ത്തി ഉള്ളതായിരിക്കും. ക്രിസ്തുവിനെ ബുദ്ധിയിൽ മാത്രം അറിയുന്നതു വിശ്വാസമല്ല. അത് ആരെയും നീതീകരിക്കയില്ല. നീതീകരിക്കുന്ന വിശ്വാസം നീതിഫലം ഉളവാക്കുന്നതാണ്. അതു സഹോദരന്മാരുടെ ആവശ്യങ്ങൾ അവഗണിക്കാതെ അവരെ സഹായിക്കുന്നതായിരിക്കും. ആർക്കും രഹസ്യവിശ്വാസികളാകുവാൻ കഴിയുന്നതല്ല. വിശ്വാസം പ്രവൃത്തിയിൽ കൂടി വെളിപ്പെടണം (2:17). ദൈവം ഏകൻ എന്നു ബുദ്ധികൊണ്ട് അറിയുന്നതല്ല വിശ്വാസം. പിശാചിനു ദൈവത്തെക്കുറിച്ച് അറിവുണ്ട്. ക്രിസ്തു ദൈവം ആണെന്നും നരകം ഉണ്ടെന്നും സാത്താൻ അറിവുള്ളവനാണ് (മർക്കൊ. 5:1-13). എന്നാൽ അവൻ ക്രിസ്തുവിനോടു മത്സരിക്കുന്നു. പിശാചു വരുവാൻ പോകുന്ന ന്യായ വിധിയെ ഓർത്തു വിറയ്ക്കുന്നു. ദൈവത്തെക്കുറിച്ചുള്ള അറിവും വികാരവും വിശ്വാസം അല്ല.

യഥാർത്ഥ വിശ്വാസം ജീവിതത്തിൽ രൂപാന്തരം വരുത്തുന്നതാണ്. അതു ദൈവവചനകേൾവിയാലുണ്ടാകുന്നു (റോമ. 10:17). വീണ്ടും ജനിക്കുന്നതു വചനകേൾവി മൂലമാണ് (യാക്കോ. 1:18). ആരിൽ വിശ്വസിക്കുന്നു എന്നതിനാണ് പ്രാധാന്യം. വിശ്വാസം മനുഷ്യനെ മൊത്തത്തിൽ ബാധിക്കുന്ന ഒന്നാണ്. അറിവും വികാരവും തീരുമാനശക്തിയും ക്രിസ്തുവിൽ വിശ്വസിക്കുന്നതിന് ആവശ്യമാകുന്നു. വിശ്വാസത്തെ വിശദീകരിക്കുവാൻ പഴയനിയമത്തിൽനിന്നും അബ്രഹാമിന്റെയും രാഹാബിന്റെയും അനുഭവങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. അബ്രഹാമിനു ദൈവം വെളിപ്പെട്ടു. അവൻ ദൈവവാഗ്ദത്തം വിശ്വസിച്ചു സ്വന്തദേശം ഉപേക്ഷിച്ചു വാഗ്ദത്തദേശത്തേക്കു പുറപ്പെട്ടു.

ലോത്തിനോടും യിശ്മായേലിനോടും വേർപെട്ടതിലും അബ്രഹാമിന്റെ വിശ്വാസം ദൃശ്യമാണ്. തന്റെ മകനായ യിസ്ഹാക്കിനെ യാഗം കഴിച്ച സംഭവത്തിൽ വിശ്വാസത്തിന്റെ അനുസരണം കാണുന്നു. താൻ സ്നേഹിച്ച മകനെ ഹോമയാഗം അർപ്പിക്കുവാൻ ദൈവം ആജ്ഞാപിച്ചു. അബ്രഹാം ഉടനെ അനുസരിച്ചു. മകനോടുകൂടെ യാഗം കഴിച്ചു മടങ്ങിവരും എന്നുള്ള വിശ്വാസം അബ്രഹാമിനുണ്ടായിരുന്നു. ദൈവം തനിക്കു ഹോമയാഗത്തിന് ആട്ടിൻ കുട്ടിയെ നോക്കിക്കൊള്ളും എന്ന് അബ്രഹാം വിശ്വസിച്ചു. അബ്രഹാം ദൈവത്താൽ നീതീകരിക്കപ്പെട്ടു. നീതീകരിക്കപ്പെടുവാൻ അബ്രഹാം പ്രവൃത്തിച്ചില്ല. എന്നാൽ നീതീകരിക്കപ്പെട്ടപ്പോൾ പ്രവൃത്തി ഉള്ളവനായി. ഒരു പാപി ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവനെ നീതിമാനായി ദൈവം പ്രഖ്യാപിക്കുന്ന പ്രവൃത്തിയാകുന്നു നീതീകരണം. അത് ഒരിക്കലായി സംഭവിക്കുന്നു. അപ്പോൾ ക്രിസ്തുവിന്റെ നീതി നമ്മുടേതായി കണക്കിടുന്നു. ദൈവവും വിശ്വസിക്കുന്ന പാപിയും തമ്മിൽ സമാധാനബന്ധമുള്ളവരായി അപ്പോൾ തീരുന്നു. വിശ്വാസത്തിന്റെ പ്രവൃത്തികൾ നാം നീതീകരിക്കപ്പെട്ടു എന്നുള്ളതിന്റെ തെളിവും സാക്ഷ്യവും ആകുന്നു.

രാഹാബു ദൈവത്തിൽ വിശ്വസിച്ചു നീതീകരിക്കപ്പെട്ടു (യോശു. 2,6). അവൾ യിസ്രായേലിന്റെ ദൈവത്തെക്കുറിച്ച് അല്പം മാത്രമേ കേട്ടിരുന്നുള്ളു. അവൾ അതു വിശ്വസിച്ച് ഒറ്റുകാരെ സ്വീകരിക്കുകയും അഭയം നല്കുകയും ചെയ്തു. ഇവിടെ ആരും അവളുടെ വിശ്വാസം കണ്ടില്ല. എന്നാൽ പ്രവൃത്തി കണ്ടു. അവളുടെ കുടുംബത്തിലുള്ളവരേയും അവൾ രക്ഷിച്ചു. അവളുടെ പ്രവൃത്തിയുടെ അടിസ്ഥാനം വിശ്വാസം ആയിരുന്നു. അറിവു മാത്രമുള്ള വിശ്വാസം ചത്തതാണ്. യഥാർത്ഥ വിശ്വാസം നീതിഫലം ഉളവാക്കുന്നു. അബ്രഹാമിനെപ്പോലെ വിശ്വാസത്തിന്റെ നല്ല സാക്ഷ്യം കർത്താവിൽനിന്നും പ്രാപിക്കുവാൻ നമുക്ക് ഇടയാകട്ടെ.

## അദ്ധ്യായം 3

മൂന്നാം അദ്ധ്യായത്തിൽ വിശ്വാസികൾ നാവിനെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യം ചൂണ്ടിക്കാണിക്കുന്നു. സദൃശവാക്യത്തിലും ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. 'നാവിന്റെ ശാന്തത ജീവവൃക്ഷം, അതിന്റെ വക്രതയോ മനോവ്യസനം' (സദൃ 15:4). ക്രിസ്തു നാവിന്റെ അശുദ്ധിയെക്കുറിച്ചു പ്രസ്താവിച്ചിരുന്നു (മത്താ. 15:11). വിശ്വാസികളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്. വചനം ശുശ്രൂഷിക്കുന്നവർക്കുള്ള ഉത്തരവാദിത്വം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. ഇത് ഒരു കല്പനയാണ്. ഈ വിഷയത്തിൽ അശ്രദ്ധ കാണിക്കുന്നവർക്കു ശിക്ഷാവിധി ഉണ്ടാകും. വചനം ശുശ്രൂഷിക്കുന്നതു മറ്റു ഉള്ളവരുടെ മേൽ അധികാരം നടത്തുവാനല്ല. അവർ വചനം പ്രസ്താവിക്കണം. അതു ജീവിതത്തിൽ അനുസരിക്കണം. അവർ വാക്കിൽ തെറ്റിപ്പോകാതിരിക്കുവാൻ സ്വയനിയന്ത്രണം ഉള്ളവരായിരിക്കണം. അത് ആത്മീയ പക്വതയുടെ ലക്ഷണമാകുന്നു.

നാവിന്റെ ശക്തിയെ നിയന്ത്രിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കുവാൻ മൂന്നു ദൃഷ്ടാന്തങ്ങൾ നൽകിയിരിക്കുന്നു. നാവു ചെറിയ അവയവ മാണെങ്കിലും വളരെ ശക്തിയുള്ളതാണ്. മരണവും ജീവനും നാവിന്റെ അധികാരത്തിൽ അഥവാ നിയന്ത്രണത്തിൽ ഇരിക്കുന്നു (സദൃ. 18:21). നാവിനെ കുതിരയെ നിയന്ത്രിക്കുന്ന കടിഞ്ഞാണിനോടു സാദൃശീകരിക്കുന്നു. കടിഞ്ഞാൺ ചെറിയ ഉപകരണമാണെങ്കിലും കുതിരയെ നിയന്ത്രിക്കുന്നു. അതുപോലെ വലിയ കപ്പലിനെ ചുക്കാൻകൊണ്ടു നിയന്ത്രിക്കുവാൻ കഴിയും. തീയ്ക്കു വലിയ നാശനഷ്ടങ്ങൾ സൃഷ്ടിക്കുവാൻ ശക്തിയുണ്ട്. നിയന്ത്രണമില്ലാത്ത നാവു സൃഷ്ടിക്കുന്ന നാശം വളരെയാണ്. ദൈവാത്മാവു നമ്മുടെ നാവുകളെ നിയന്ത്രിക്കുമ്പോൾ നാം മറ്റുള്ളവർക്ക് അനുഗ്രഹവും ആശ്വാസവുമായി തീരും. അതിനു നമ്മുടെ ഹൃദയം ദൈവവചനംകൊണ്ടു നിറയുന്ന അനുഭവം ഉണ്ടാകണം. ഹൃദയം നിറഞ്ഞു കവിയുന്നതു വായ് പ്രസ്താവിക്കുന്നു (മത്താ. 12:34). വാക്കുകളുടെ പെരുപ്പത്താൽ ലംഘനം ഉണ്ടാകാൻ സാദ്ധ്യത ഉണ്ട് (സദൃ. 10:19). വ്യാജമുള്ള അധരങ്ങൾ ദൈവം വെറുക്കുന്നു (സദൃ. 12:22). ദുഷിച്ച സംസാരം മലിനവസ്തുക്കൾക്കു തുല്യമാണ്. അതു തീയിലിട്ടു നശിപ്പിക്കപ്പെടുവാൻ മാത്രമേ കൊള്ളുകയുള്ളു. നാവുകൊണ്ടു പാപം ചെയ്യുന്നവരാകരുത്. ദുഷ്ടന്മാരോടുള്ള സഹകരണം അതിനു കാരണ മാകുമെന്ന് അറിഞ്ഞ് അവരോട് ഒഴിഞ്ഞിരിക്കണം (സങ്കീ. 39:1). തീകൊണ്ടു കളിക്കരുത്. അതു ശരീരത്തിൽ പൊള്ളലും മുറിവും സൃഷ്ടിക്കും. വാക്കുകൾക്കു ഹൃദയത്തെ മുറിപ്പെടുത്തുവാൻ കഴിയും. അതുപോലെ തന്നെ ഹൃദയത്തെ തണുപ്പിക്കുവാനും ശക്തിയുണ്ട് (ഫിലേ. 7). മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു (സദൃ. 15:1). ഏഷണി തീ കൊളുത്തുന്ന വിറകാകുന്നു (സദൃ. 26:20,21). നമ്മുടെ വാക്കുകൾ കൃപയോടു കൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കണം (കൊലൊ. 4:6). മൃഗങ്ങളെയും തീയി നെയും നിയന്ത്രിക്കുമ്പോൾ മനുഷ്യനു പ്രയോജനമുള്ളതാകുന്നു. അതുപോലെ ദൈവാത്മാവു നമ്മുടെ നാവിനെ നിയന്ത്രിക്കുമ്പോൾ നാം മറ്റുള്ളവർക്കു പ്രയോജനമുള്ളവർ ആകും. 'തക്കസമയത്തു പറഞ്ഞ വാക്കു വെള്ളിത്താലത്തിൽ പൊൻനാരങ്ങാപോലെയാണ്' (സദൃ. 25:11).

നാവിനെ വെള്ളം പുറപ്പെടുന്ന ഉറവയോടും ഫലം പുറപ്പെടുവിക്കുന്ന വൃക്ഷത്തോടും സാദൃശീകരിക്കുന്നു. ഒരു ഉറവയിൽനിന്നും സ്തോത്രവും ശാപവും പുറപ്പെടുന്നതെങ്ങനെ? അവിടെനിന്നും എങ്ങനെ മധുരവും കയ്പുമുള്ള വെള്ളം പുറപ്പെടും? അത്തിവൃക്ഷം എങ്ങനെ ഒലിവുപഴം കായ്ക്കും? അതു സാദ്ധ്യമല്ല. നീതിമാന്റെ വായ് ജീവന്റെ ഉറവാകുന്നു (സദൃ. 10:11). ജീവനും ആരോഗ്യത്തിനും ശുദ്ധവെള്ളം ആവശ്യമാകുന്നു. ദൈവമക്കൾ ജീവന്റെ വചനം ലഭിച്ചവരാണ്. അത് അന്യരുടെ നാശത്തിനു നാം ഉപയോഗിക്കരുത് (സദൃ. 18:21). ഹൃദയം ദൈവവചനംകൊണ്ടു നിറഞ്ഞ അവസ്ഥയിൽ സൂക്ഷിക്കുവാൻ ജാഗ്രതയുള്ളവരാകണം (സദൃ. 4:23). അപ്പോൾ നാം ദൈവത്തെ സ്തുതിക്കുന്നവരും, ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ആകും.

നാവിന്റെ ശക്തിയുള്ള മസിലിനെ നിയന്ത്രിക്കുവാൻ നാം സ്വന്തമായി കഴിവുള്ളവരല്ല. നമ്മുടെ വാക്കുകൾ കൃപയോടു കൂടിയതായിരിക്കണം. അതു മറ്റുള്ളവരുടെ ദുഃഖത്തിനും അപമാനത്തിനും കാരണമാകരുത്. നാവിനെ സ്വന്ത ശക്തികൊണ്ടു നിയന്ത്രിക്കുവാൻ കഴിയുന്നതല്ല. നമ്മുടെ ബലഹീനത ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞു സമ്മതിക്കയും നമ്മുടെ ശരീരത്തിന്റെ അവയവങ്ങളെ നിയന്ത്രിക്കുവാൻ നമ്മെ സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കയും ചെയ്യണം (റോമ. 12:1,2; 6:13).

## ഉയരത്തിൽനിന്നുള്ള ജ്ഞാനം

ഉപദേഷ്ടാക്കന്മാർ സംസാരിക്കുന്നതിൽ സ്വയനിയന്ത്രണമുള്ളവർ ആയിരിക്കണം എന്ന് ആദ്യത്തെ 12 വാക്യങ്ങളിൽ ഉദ്ബോധിപ്പിക്കുന്നു. അവർ വാക്കുകളിൽ മാത്രമല്ല ജീവിതത്തിലും ജ്ഞാനികളും വിവേകികളും ആകണം എന്നു 13 മുതലുള്ള വാക്യങ്ങളിൽ സൂചിപ്പിക്കുന്നു. അതിന് അവരുടെ പ്രവൃത്തികൾ വചനാനുസരണം ആയിരിക്കണം. അതു ജ്ഞാനത്തിന്റെ ലക്ഷണം ആകുന്നു. അവർ സൗമ്യതയുള്ളവർ ആയിരിക്കും. സൗമ്യത ബലഹീനതയല്ല. ഒരു വ്യക്തിയുടെ കഴിവുകളെ ദൈവത്തിനു പ്രയോജനമുള്ളതാകുവാൻ മെരുക്കിയെടുക്കുന്ന പ്രക്രിയ ആകുന്നു അത്. അവർ ആത്മനിയന്ത്രണമുള്ളവർ ആയിരിക്കും.

ലോകത്തിന്റെ ജ്ഞാനവും ദൈവിക ജ്ഞാനവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാൻ ദൈവവചനം പഠിക്കേണ്ടത് ആവശ്യമാകുന്നു. അറിവു ജ്ഞാനമല്ല. ദൈവവചനസത്യങ്ങൾ പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കുവാനുള്ള കഴിവാണ് ജ്ഞാനം. ലോകജ്ഞാനം ദൈവദൃഷ്ടിയിൽ ഭോഷത്വ മാകുന്നു (1 കൊരി. 1:20). രക്ഷിക്കപ്പെടാത്തവർക്കു ദൈവാത്മാവിന്റെ ഉപദേശം ഭോഷത്വമാണ് (1 കൊരി. 2:14). ദൈവഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു. ഭൗമിക ജ്ഞാനം പിശാചിന്റെ സ്വാധീനതയിൽ കഴിയുന്നു. അത് ഈർഷ്യയും ശാഠ്യവും കലക്കവും സൃഷ്ടിക്കുന്നു. അതിന് അടിമപ്പെട്ടവർ സത്യത്തിനു വിരോധമായി പ്രശംസിക്കയും ഭോഷ്ക്കു പറകയും ചെയ്യുന്നു. ഉപദേഷ്ടാക്കന്മാർക്കു സംഭവിക്കാവുന്ന തെറ്റിനെക്കുറിച്ചാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. അസൂയ, കയ്പും ഈർഷ്യയും ഉളവാക്കും. ദൈവദാസന്മാർ ഉയർച്ച ആഗ്രഹിക്കരുത്. അവർ ക്രിസ്തുവിന്റെ ഭാവമുള്ളവരായി മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവർ ആകണം.

ഉപദേഷ്ടാക്കന്മാർ ഉയരത്തിൽനിന്നുള്ള ജ്ഞാനം ആഗ്രഹിക്കണം. അപ്പോൾ സമാധാനത്തിന്റെ വിത്തു വിതച്ചു നീതിയുടെ ഫലം പുറപ്പെടുവി ക്കുന്നവർ ആകും. ക്രിസ്തീയ ജീവിതം വിതയുടെയും കൊയ്ത്തിന്റെയും അനുഭവങ്ങൾ ഉള്ളതാണ്. നാം വിതയ്ക്കുന്നതു മാത്രമേ കൊയ്യുകയുള്ളൂ. ജഡത്തിന്റെ വിത്തുകൾ വിതയ്ക്കുമ്പോൾ കൊയ്യുന്നതു നാശം ആയിരിക്കും (ഗലാ 6:8). ആത്മാവിൽ വിതയ്ക്കുന്നവർ നിത്യജീവനെ കൊയ്യും. ദൈവം വെറുക്കുന്ന കാര്യങ്ങൾ നാം വിതയ്ക്കുന്നവർ ആകരുത് (സദൃ. 6:16-19).

ഉയരത്തിൽനിന്നുള്ള ജ്ഞാനം ലഭിച്ചവർ വിതയ്ക്കുന്ന വിത്തുകളെ ക്കുറിച്ചു നാം 17-ാം വാക്യത്തിൽ കാണുന്നു. ഇവിടെ എട്ടു സൽഗുണങ്ങളെ ക്കുറിച്ചു പ്രസ്താവിക്കുന്നു:

1. ദൈവജ്ഞാനം നിർമ്മലമായ ജീവിതം നയിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. അതു ഹൃദയശുദ്ധിയെ കാണിക്കുന്നു (4:8).
2. ദൈവജ്ഞാനം സമാധാനം ഉളവാക്കുന്നു. ലോകജ്ഞാനം സ്പർദ്ധയും കലഹവും ഉളവാക്കുന്നതാണ് (4:1). ദൈവജ്ഞാനം ദൈവത്തോടും സമസൃഷ്ടികളോടും സമാധാനം പുലർത്തുവാൻ നമ്മെ സഹായിക്കും. സ്നേഹത്തിൽ സത്യം സംസാരിക്കുന്നവർ സമാധാന ഫലം പുറപ്പെടു വിക്കുന്നു. ലോകം സമാധാനം സൃഷ്ടിക്കുവാൻ പരാജയപ്പെടുമ്പോൾ വിശ്വാസികൾക്കു പാപങ്ങൾ ഏറ്റുപറഞ്ഞു ദൈവത്തോടു സമാധാനബന്ധം ഉള്ളവരാകുവാൻ കഴിയും (1 യോഹ. 1:9).
3. ദൈവജ്ഞാനം ശാന്തത ഉളവാക്കുന്നു. ശാന്തമായി വസ്തുതകൾ കേൾക്കുവാനും വിശദീകരിക്കുവാനുമുള്ള കഴിവാണ് അത്. കലഹം ഒഴിവാക്കുവാൻ ശാന്തസ്വഭാവം സഹായിക്കുന്നു.
4. ദൈവജ്ഞാനം അനുസരണമുള്ളതാണ്. ദൈവവചനസത്യങ്ങൾ ബോദ്ധ്യമായാൽ ഉടനെ അനുസരിക്കുവാൻ കഴിവു നൽകുന്നു.
5. കരുണയുള്ളതാണ്. പ്രതിഫലം ഇച്ഛിക്കാതെ മറ്റുള്ളവർക്കു ദയ കാണിക്കയും പ്രയാസങ്ങളിൽ മനസ്സലിവു പ്രകടിപ്പിക്കയും ചെയ്യുന്നു. അതു ദൈവത്തിന്റെ സ്വഭാവം ആകുന്നു. ദൈവം കരുണയുള്ളവനാണ് (ലൂക്കൊ. 6:36).
6. ഫലസമൃദ്ധി ഉള്ളതാണ്. ക്രിസ്തീയ ജീവിതം ആത്മഫലം പുറപ്പെടു വിക്കുന്നു (ഗലാ. 5:22,23). നിലനിൽക്കുന്ന ഫലം പുറപ്പെടുവിക്കുവാൻ നാം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു (യോഹ. 15:16).
7. പക്ഷപാതം കാണിക്കുന്നില്ല. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ നീതിയോടെ എല്ലാവരോടും ഏർപ്പെടുന്നു. മുഖപക്ഷം കാണിക്കുന്നില്ല.
8. കപടമില്ലാത്തതാണ്. പരമാർത്ഥതയുള്ള ജീവിതം നയിക്കുന്നു. വേഷഭക്തി കാണിക്കുന്നില്ല.

ഈ സ്വഭാവങ്ങൾ ദൈവജ്ഞാനത്തിന്റെ ലക്ഷണങ്ങൾ ആകുന്നു. മറ്റുള്ളവരോടു സമാധാനബന്ധം പുലർത്തുവാൻ ഇത് ആവശ്യമാകുന്നു. അതിനു കർത്താവു നമ്മെ ഏവരേയും സഹായിക്കുമാറാകട്ടെ.

## അദ്ധ്യായം 4

### ഭിന്നതയുടെ കാരണം (4:1-10)

ദൈവജനത്തിന്റെ മദ്ധ്യത്തിൽ ഭിന്നതയും കലഹവും എന്തുകൊണ്ട് ഉണ്ടാകുന്നു എന്ന് ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നു. പാപം ലോകത്തിൽ പ്രവേശിച്ചതു മുതൽ മനുഷ്യർ ദൈവത്തോടും അന്യോന്യവും മത്സരിക്കുന്നവരായി തീർന്നു. ഇന്നു രാഷ്ട്രങ്ങൾ തമ്മിലും യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ദൈവമക്കൾ ഏകമനസ്സുള്ളവരായി ഐകമത്യപ്പെട്ടു ജീവിക്കേണ്ടവരാണ്. അങ്ങനെ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്രയും മനോഹരമായ അനുഭവമാകുന്നു (സങ്കീ. 133:1). എന്നാൽ അവർ അന്യോന്യം കടിച്ചുകീറുന്നവരായി തീരുന്നതു ദുഃഖകരമാണ്. അതു നാം ജഡികന്മാരും ആത്മീയ ശിശുക്കളും ആകുന്നു എന്നതിന്റെ ലക്ഷണം ആകുന്നു (1 കൊരി. 3:1-3). തൽഫലമായി ദൈവമക്കൾ സന്തോഷം നഷ്ടപ്പെട്ടവരും സാക്ഷ്യം ഇല്ലാത്തവരുമായി തീരുന്നു.

സഭയിലും വ്യക്തികളിലും ഉണ്ടാകുന്ന ശണ്ഠയും കലഹവും ജഡിക മായ സ്വാർത്ഥതാല്പര്യങ്ങൾ മൂലമാണ് സംഭവിക്കുന്നത്. ദൈവഹിതത്തിനു വിരുദ്ധമായ നമ്മുടെ ആഗ്രഹവും പ്രാർത്ഥനയും ദൈവം കേട്ട് ഉത്തരം നൽകുന്നില്ല. ജഡികന്മാർ സ്വാർത്ഥതയ്ക്ക് അടിമപ്പെട്ടവരും ദൈവഹിതം അനുസരി ക്കാത്തവരുമാണ്. അവർ ദൈവത്തോടു നന്ദി ഉള്ളവരല്ല. ദൈവഹിതപ്രകാരം പ്രാർത്ഥിക്കുവാൻ അവർ അപ്രാപ്തരാകുന്നു. സ്വന്തഭോഗേച്ഛകളിൽ സംതൃപ്തിപ്പെടുവാൻ അവർ ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നു. അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നില്ല. പ്രാർത്ഥനയ്ക്കുള്ള തടസ്സങ്ങൾ മനസ്സിലാക്കി അവർ അനുതപിക്കുന്നവരല്ല. ദൈവം പാപിയുടെ പ്രാർത്ഥന കേൾക്കുന്നില്ല (സങ്കീ. 66:18). സംശയിക്കാതെ വിശ്വാസത്തോടുകൂടെ നാം പ്രാർത്ഥിക്കണം (1:6,7). ദൈവവചനപ്രകാരം പ്രാർത്ഥിക്കണം (1 യോഹ. 5:14). ഉദ്ദേശശുദ്ധിയോടുകൂടെ പ്രാർത്ഥിക്കണം (4:3). നമ്മുടെ പ്രാർത്ഥനയുടെ ലക്ഷ്യം ദൈവനാമ മഹത്വം ആയിരിക്കണം.

വിശ്വാസികൾ എങ്ങനെയാണ് ദൈവത്തോടു മത്സരികൾ ആകുന്നത്? ഒന്നാമതായി നാം ദൈവത്തെക്കാൾ കൂടുതൽ ലോകത്തെ സ്നേഹിക്കുമ്പോൾ ദൈവത്തോടു മത്സരിക്കുന്നവർ ആകും. ഈ ലോകം സാത്താന്റെ സ്വാധീനതയിൽ കഴിയുന്നു (2 കൊരി. 4:4). വിശ്വാസികൾ ദൈവമക്കളും സ്വർഗ്ഗീയ പൗരന്മാരും ആകുന്നു. നാം ലോകത്തിൽ ജീവിക്കുന്നു എങ്കിലും ലോകത്തിനുള്ളവരല്ല. ലോകത്തിന്റെ സ്നേഹിതൻ ദൈവത്തിന്റെ ശത്രു ആണ്. ലോകത്തെ സ്നേഹിക്കുമ്പോൾ അതിന്റെ കളങ്കം പറ്റുന്നവർ ആകും (1:27). ലോകത്തിന്റെ അംഗീകാരവും അഭിനന്ദനവും നമ്മെ ലോകത്തോട് അനുരൂപരാകുവാൻ വശീകരിക്കും (റോമ. 12:2). ലോകമയത്വം നമ്മെ ജഡിക ന്മാരും ആത്മീയമായി പ്രയോജനമില്ലാത്തവരും ആക്കും. വിശ്വാസികൾ ലോകത്തെ സ്നേഹിക്കുന്നതിനെ ആത്മീയ വ്യഭിചാരമായി വിശേഷിപ്പിച്ചിരിക്കുന്നു. നാം ക്രിസ്തുവിനോടു ബന്ധപ്പെട്ടിരിക്കുമ്പോൾ ലോകത്തെ സ്നേഹിക്കുന്നത് ആത്മീയ വ്യഭിചാരം ആകുന്നു. ദൈവമക്കളിൽ ദൈവാത്മാവു വസിക്കുന്നു. അവർ ദൈവാത്മാവിനെ അനുസരിക്കുമ്പോൾ ദൈവം അവരിൽ പ്രസാദിക്കുന്നു. അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നു. ജഡത്തിന് അടിമപ്പെടുമ്പോൾ ദൈവാത്മാവു ദുഃഖിക്കുന്നു. ഭർത്താവ്, ഭാര്യ സ്വന്തമായിരിക്കണം എന്ന് ആഗ്രഹിക്കുന്നതിനെ വിശുദ്ധ അസൂയയായി കരുതാവുന്നതാണ്. അതുപോലെയാണ് നമ്മിൽ വസിക്കുന്ന ദൈവാത്മാവും ചിന്തിക്കുന്നത്.

വിശ്വാസികൾ ലോകം, ജഡം എന്നീ ശത്രുക്കളോടു മാത്രമല്ല പിശാചിനോടും എതിർത്തുനിൽക്കേണ്ടവരാകുന്നു (4:6,7). സാത്താന്റെ പാപം നിഗളം ആയിരുന്നു (1 തിമൊ. 3:6). ആത്മീയ നിഗളം പാപമാണ്. ദൈവം നിഗളികളോട് എതിർത്തുനിൽക്കുന്നു. ദൈവസന്നിധിയിൽ താഴുന്നവർക്കു കൃപ ലഭിക്കുന്നു (സദൃ. 3:34). ദൈവസന്നിധിയിൽ താഴ്മയുള്ളവരാകുവാൻ ദൈവകൃപ ലഭിച്ചവർക്കു മാത്രമേ സാധിക്കുകയുള്ളൂ. അവർ ദൈവഹിതത്തിനു കീഴടങ്ങുന്നു. അതിനു സ്വന്ത ഇഷ്ടം ഉപേക്ഷിച്ചു ദൈവ ഇഷ്ടം ചെയ്യുവാൻ സമ്പൂർണ്ണമായി സമർപ്പിക്കണം. പിശാചിനോട് എതിർത്തുനിൽക്കുന്നവർ ആകണം. ജഡമോഹങ്ങൾ ഉപേക്ഷിക്കയും ദൈവത്തിനു പ്രസാദമുള്ള ജീവിതം നയിക്കുവാൻ ഉത്സാഹിക്കയും വേണം (കൊലൊ. 1:10). അങ്ങനെ വിശുദ്ധന്മാരെ കുറ്റം ചുമത്തുന്ന അപവാദിയായ സാത്താനോട് എതിർത്തു നിൽക്കുന്നവർ ആകണം (വെളി. 12:10). അപ്പോൾ അവൻ നമ്മെ വിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്തുചെല്ലുകയും പാപങ്ങൾ ഏറ്റുപറഞ്ഞു ദൈവകൂട്ടായ്മ ഉള്ളവരായി ജീവിക്കയും വേണം (1 യോഹ. 1:9). വചനം ധ്യാനിച്ചു ദൈവസംസർഗ്ഗം ഉള്ളവർ ആകുമ്പോൾ നാം ഇരുമനസ്സുള്ളവരാകാതെ ഉദ്ദേശശുദ്ധിയോടെ കർത്താവിനോടു പ്രാർത്ഥിക്കുന്നവരും അവനെ സേവി ക്കുന്നവരും ആകും. അനുതാപമുള്ള ഹൃദയം പാപങ്ങളെക്കുറിച്ചു ദുഃഖി ക്കുന്നു. അവരെ ദൈവം നിരസിക്കയില്ല (സങ്കീ. 51:17). ദൈവസന്നിധിയിൽ താഴുന്നവർക്കു മാത്രമേ പ്രയോജനമുള്ളവരാകുവാൻ കഴികയുള്ളൂ. അവർ ദൈവത്തിന്റെ വലിപ്പം സമ്മതിച്ച് ഏറ്റുപറയുന്നവർ ആയിരിക്കും. ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ (സങ്കീ. 34:18). അങ്ങനെ സാത്താന്റെ തന്ത്രങ്ങളെ ജയിച്ച് ദൈവത്തോട് അടുത്തുവരുവാൻ കർത്താവ് ഏവരേയും സഹായിക്കട്ടെ.

### സഹോദരനെ വിധിക്കയും ദുഷിക്കയും അരുത് (4:11-17)

ദൈവമക്കൾ ദുഷിച്ച സംസാരം ഒഴിവാക്കണം. നാം സഹോദരന്മാർ ആകുന്നു. നാം ആയിരിക്കുന്നത് ഒക്കെയും കൃപയാൽ മാത്രമാകുന്നു. നമുക്കു പ്രശംസിക്കുവാൻ സ്വന്തമായിട്ട് ഒന്നുമില്ല. മറ്റുള്ളവരെ തരംതാഴ്ത്തി സംസാ

രിക്കുന്നവർ ന്യായപ്രമാണം ലംഘിക്കുന്നു എന്നത്രെ യാക്കോബു വ്യക്തമാക്കുന്നത്. സഹോദരനെ കുറ്റക്കാരനായി വിധിക്കുന്നതും തെറ്റാകുന്നു. നാം സ്നേഹത്തിൽ സത്യം സംസാരിക്കുന്നവർ ആകണം (എഫെ. 4:15). മറ്റുള്ളവരെ വിധിക്കുന്നതിനു മുൻപു നാം സ്വയം വിധിക്കുന്നവർ ആകണം. വസ്തുത പൂർണ്ണമായി അറിയാതെ ക്രൂരമായി മറ്റുള്ളവരെ വിമർശിക്കുന്നതു പാപമാകുന്നു. മറ്റൊരുത്തന്റെ ദാസനെ വിധിപ്പാൻ നാം ആർ? സമയത്തിനു മുൻപെ ഒന്നും വിധിക്കരുത് (1 കൊരി. 4:4,5). സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു (1 പത്രൊ. 4:8). സഹോദരന്മാരെ ദുഷിക്കുന്നതും വിമർശിക്കുന്നതും സ്നേഹത്തിന്റെ കുറവുകൊണ്ടാകുന്നു.

ദൈവമക്കൾ സ്വന്തനേട്ടങ്ങളിൽ അഹങ്കരിക്കരുത്. സ്വന്ത ബുദ്ധിയിലും കഴിവുകളിലും മാത്രം ആശ്രയിച്ചു പദ്ധതികൾ ആവിഷ്കരിക്കയും അതിൽ പ്രശംസിക്കയും ചെയ്യുന്നതു തെറ്റാകുന്നു. ദൈവഹിതപ്രകാരവും ദൈവമഹത്വം ലക്ഷ്യമാക്കിയും നാം ഭാവിപരിപാടികൾ പ്ലാൻ ചെയ്യുന്നവർ ആകണം. അന്നു സഭയിൽ ഭൗതിക നിക്ഷേപങ്ങളിലും സാമ്പത്തിക ഭദ്രതയിലും പ്രശംസിക്കുന്നവർ ഉണ്ടായിരുന്നു. അവർക്കു നൽകുന്ന ഉപദേശം നാം 14-ാം വാക്യത്തിൽ കാണുന്നു. ഭാവി നമുക്ക് അജ്ഞാതമാകയാൽ ഭാവിയെക്കുറിച്ചു പ്രശംസിക്കരുത്. നാം ഭൂമിയിൽ സ്ഥിരവാസികൾ അല്ല. ദൈവഹിതത്തിനു കീഴടങ്ങുന്ന ജീവിതം ഭൗമിക സന്തോഷവും ആത്മീയ അനുഗ്രഹങ്ങളും ഉള്ളതായിരിക്കും. സ്വന്ത കഴിവുകൊണ്ടു ഭാവിസുഖസൗകര്യങ്ങൾ നേടാമെന്നുള്ള മിഥ്യാബോധത്തിനു നാം അടിമകൾ ആകരുത്. ദൈവമക്കൾ ആത്മപ്രശംസക്കാർ ആകരുത്. നന്മ ചെയ്വാനറിഞ്ഞിട്ടും ചെയ്യാതിരിക്കുന്നതു പാപം ആകുന്നു.

ദൈവഹിതം ചെയ്യുവാൻ മനസ്സുള്ളവർക്കു മാത്രമേ അതു വെളിപ്പെടുകയുള്ളൂ (യോഹ. 7:17). അവർ ദൈവസംസർഗ്ഗം ഉള്ളവരും ആത്മീയ സന്തോഷം അനുഭവിക്കുന്നവരും ആകും. അവരുടെ ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹവും ആശ്വാസവുമായി പരിണമിക്കും. അതിനു കർത്താവു നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 5

### അധർമ്മികളായ ധനവാന്മാർക്കുള്ള മുന്നറിയിപ്പ് (5:1-6)

സമ്പത്തിന്റെ ആപത്ത് ഇവിടെ ചൂണ്ടിക്കാണിക്കുന്നു. ധനവാനാകുന്നതു പാപമല്ല. എന്നാൽ ധനം സ്വാർത്ഥതാല്പര്യങ്ങൾക്കായി വിനിയോഗിക്കുന്നതു തെറ്റാകുന്നു. ന്യായമായ മാർഗ്ഗങ്ങളിൽ കൂടി ധനം സമ്പാദിക്കുന്നതു തെറ്റല്ല. എന്നാൽ സഭയിലുള്ള ചില ധനവാന്മാർ അമിതമായി ധനം ശേഖരിച്ചു സ്വന്ത താല്പര്യങ്ങൾക്കായി രഹസ്യമായി സൂക്ഷിക്കുന്നവർ ആയിരുന്നു. അതുപോലെ തന്നെ വേലക്കാർക്കു ന്യായമായ കൂലി കൊടുക്കാതെ അന്യായലാഭം സമ്പാദിക്കുന്ന പ്രവണത ഉണ്ടായിരുന്നു. അവർ ഉല്ലാസപ്രിയരാകയും സ്വന്തമോഹങ്ങളെ തൃപ്തിപ്പെടുത്തുന്ന ലൗകിക ജീവിതശൈലി ഉള്ളവരാകയും ചെയ്തു. ധനവാന്മാർ നീതിമാനെ പീഡിപ്പിക്കുന്നവരും ചൂഷണം ചെയ്യുന്നവരുമായി തീർന്നിരുന്നു. അവർ ബലഹീനരാകയാൽ അവരെ കൊല്ലുവാനും ധനവാന്മാർ മടിച്ചിരുന്നില്ല. ദ്രവ്യാഗ്രഹം ഉളവാക്കുന്ന ദുരിതങ്ങൾ മനസ്സി ലാക്കി അനുതപിക്കുവാൻ യാക്കോബു ധനവാന്മാരെ ആഹ്വാനം ചെയ്യുന്നു. നിശ്ചയമില്ലാത്ത സമ്പത്തിൽ ആശ്രയിക്കുന്നവർ നിരാശപ്പെടും (1 തിമൊ. 6:17). ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലകാരണം ആകുന്നു (1 തിമൊ. 6:8-10). സമ്പത്തിൽ ഭദ്രത അന്വേഷിക്കുന്നവർക്കുണ്ടാകുന്ന അപകടം ക്രിസ്തു ചൂണ്ടിക്കാണിച്ചിരിക്കുന്നു (ലൂക്കൊ 12:20). ദൈവവിഷയങ്ങ ളിൽ ആശ്രയിച്ചു സമ്പന്നരാകുവാൻ ക്രിസ്തു ആഹ്വാനം ചെയ്യുന്നു (ലൂക്കൊ. 12:21). അനവധി സമ്പത്തിലും സൽകീർത്തി നല്ലതാകുന്നു (സദൃ. 22:1). നമ്മുടെ ഹൃദയം ദൈവത്തിൽ സന്തോഷവും സംതൃപ്തിയും ഉള്ളതാകുമ്പോൾ നമ്മുടെ സമ്പത്തു ദൈവിക കാര്യങ്ങൾക്കു ചിലവിടാൻ നാം മനസ്സുള്ളവരാകും (മത്താ. 6:21). സാധുക്കളെ ചൂഷണം ചെയ്യുന്നവർ ദൈവത്തിന്റെ നീതിയുള്ള ന്യായവിധിക്കു യോഗ്യരാകും (5:9). നമ്മുടെ സമ്പത്ത് എങ്ങനെ ഉപയോഗിച്ചു എന്നതിനു നാം ദൈവമുൻപാകെ കണക്കു ബോധിപ്പിക്കേണ്ടവരാണ്.

### സഹിഷ്ണുതയുള്ളവരാകുവിൻ (5:7-12)

വിശ്വാസികൾ പലവിധ ഉപദ്രവങ്ങൾ അനുഭവിക്കുന്നവരാണ്. സാധുക്കളായ വിശ്വാസികൾ ധനവാന്മാരാൽ അവഗണിക്കപ്പെടുന്നു. അവർ ചൂഷണം ചെയ്യപ്പെടുന്നവരാണ്. ന്യായമായ വേതനമോ അംഗീകാരമോ അവർക്കു ലഭിക്കുന്നില്ല. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അവർ എങ്ങനെ യുള്ളവരാകണം എന്ന് ഇവിടെ വ്യക്തമാക്കുന്നു.

ഈ പ്രതികൂല സാഹചര്യങ്ങളിൽ നാം സഹിഷ്ണുതയുള്ളവരാകണം (5:7). വിളവിനായി ക്ഷമയോടെ കാത്തിരിക്കുന്ന കൃഷിക്കാരനോട് ഇതിനെ സാദൃശീകരിക്കുന്നു. ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും ചെയ്യാതെ യജമാനന്മാരെ സേവിക്കുന്നവർ ആകണം (1 പത്രൊ. 3:9). ചിന്താകുലങ്ങളാൽ ഭാരപ്പെടുമ്പോൾ നാം കർത്താവിൽ സ്ഥിരപ്പെടണം. നീക്കുപോക്കുകൾ സൃഷ്ടിക്കുവാൻ ശക്തിയുള്ള കർത്താവിൽ ആശ്രയിച്ചു ധൈര്യപ്പെടുന്നവർ ആകുന്നത് എത്ര ഭാഗ്യം! ദൈവമക്കൾക്ക് അവിശ്വാസികളിൽ നിന്നും വിശ്വാസികളിൽനിന്നും ഉപദ്രവങ്ങൾ ഉണ്ടാകും (2 തിമൊ. 3:12). അപ്പോൾ പരാതിപ്പെടാതെ ശാന്തമായി കഷ്ടം സഹിക്കയും മാതൃകയുള്ള ജീവിതം നയിക്കയും ചെയ്യണം. നമ്മെ ഉപദ്രവിക്കുന്നവരോടു വിദ്വേഷം പ്രകടിപ്പിക്കരുത്. ഞരങ്ങിപ്പോകരു

തെന്നുള്ളതിന്റെ ആശയം അതാകുന്നു. കഷ്ടം സഹിച്ചുകൊണ്ടു ദൈവവചനം ഘോഷിച്ച പ്രവാചകന്മാരുടെ സഹിഷ്ണുത യുടെ മാതൃക നാം അനുകരിക്കുന്നവർ ആകണം. അങ്ങനെ പരീക്ഷ സഹിക്കുന്നവർ ഭാഗ്യവാന്മാർ ആകും (1:12). ഇയ്യോബിന്റെ ദൃഷ്ടാന്തം ഇവിടെ നൽകിയിരിക്കുന്നു. ഇയ്യോബു ബഹുകഷ്ടങ്ങൾ സഹിക്കേണ്ടിവന്നെങ്കിലും സഹിഷ്ണുതയുള്ളവനായിരുന്നു. ദൈവം അവനോടു മഹാകരുണയും മനസ്സലിവും ഉള്ളവനായിരുന്നു. അവന്റെ കഷ്ടതകൾ ദൈവഹിതം ഇയ്യോബിൽ നിവർത്തിയാകേണ്ടതിനായിരുന്നു. അതുകൊണ്ടു പ്രതികൂലസാഹചര്യങ്ങളെ നോക്കാതെ ദൈവത്തിൽ ദൃഷ്ടി ഉറപ്പിക്കുക. മറ്റുള്ളവരെ കുറ്റപ്പെടുത്താതെ ദൈവത്തിൽ ധൈര്യപ്പെടണം. തല്ക്കാലത്തെ പ്രയാസങ്ങൾ അവഗണിച്ചുകൊണ്ട്, അതുമൂലം ഉണ്ടാകുന്ന നിത്യമായ അനുഗ്രഹങ്ങൾ ഓർത്തു സന്തോഷിക്കുന്നവർ ആകണം. ഇയ്യോബിനെപ്പോലെ ദൈവസന്നിധിയിൽ പരാതിപ്പെടാതെ അവന്റെ ഹിതം നിവർത്തിയാകുവാൻ സഹിഷ്ണുതയുള്ളവരാകുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

### കഷ്ടങ്ങളിൽ പ്രാർത്ഥിക്കുവിൻ (5:13-20)

ദൈവമക്കൾ വാക്കുകളാൽ പാപം ചെയ്യാതെ ദൈവത്തെ ആരാധിക്കുന്നവരും പ്രാർത്ഥിക്കുന്നവരും വചനം ഘോഷിക്കുന്നവരും ആകണം. മനു ഷ്യന്റെ കഷ്ടതയുടെ മൂലകാരണം പാപം ആകുന്നു. ആദാമിന്റെ പാപം മൂലം മരണവും കഷ്ടതകളും ഭൂമിയിൽ ഉണ്ടായി (റോമ. 5:12). സ്വന്തപാപം മൂലവും രോഗവും മരണവും സംഭവിക്കാവുന്നതാണ് (1 കൊരി. 11:30). എല്ലാ രോഗവും പാപം മൂലം ഉണ്ടാകുന്നതല്ല (യോഹ. 9:1-3). കഷ്ടതകൾ ശാരീരികവും മാനസികവും സാഹചര്യപരവുമാകാം. അപ്പോൾ വിടുതലിനായി നാം പ്രാർത്ഥിക്കുന്നവർ ആകണം. പരാതിപ്പെടാതെ ദൈവഹിതം നിവർത്തിയാകുവാൻ നമ്മെ ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ നമുക്ക് ആശ്വാസം ലഭിക്കുന്നു. പ്രാർത്ഥിക്കുന്നതുകൊണ്ട് എപ്പോഴും സൗഖ്യം ലഭിക്കണം എന്നുള്ള പഠിപ്പിക്കൽ തെറ്റാകുന്നു. രോഗശാന്തിവരമുള്ള പൗലൊസു ത്രൊ ഫിമൊസിനെ മിലേത്തിൽ രോഗിയായി വിട്ടേച്ചുപോന്നു എന്നു കാണുന്നു (2 തിമൊ. 4:20). അതുപോലെ തന്നെ എപ്പഫ്രൊദിത്തോസും പൗലൊസും രോഗികൾ ആയിരുന്നു (2 കൊരി. 12:7-10). തിമൊഥെയൊസിനോട് അജീർണ്ണത്തിന് അല്പം വീഞ്ഞു സേവിക്കുവാൻ അപ്പൊസ്തലൻ ആജ്ഞാപിച്ചു (1 തിമൊ. 5:23). ക്രൂശിൽ രോഗശാന്തി ഉണ്ടെന്നു തെളിയിക്കുവാൻ സാധാരണ യായി യെശയ്യാവ് 53:5 ഉദ്ധരിക്കാറുണ്ട്. അതു ക്രിസ്തു സാധിപ്പിച്ച പാപശാന്തിയെക്കുറിച്ചുള്ള പ്രവചനം മാത്രമായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ് (1 പത്രൊ. 2:24). ഇന്നു രോഗശാന്തിവരമുള്ളവർ ഇല്ല. എന്നാൽ ദൈവം പ്രാർത്ഥന കേട്ടു രോഗസൗഖ്യം തന്റെ ഹിതാനുസരണം നൽകുവാൻ ശക്തിയുള്ളവനാകുന്നു. രോഗസൗഖ്യം ലഭിക്കാത്തവർക്ക് അതു സഹിക്കുവാനുള്ള കൃപ നൽകുന്നു. അങ്ങനെ കർത്താവു മഹത്വപ്പെടുവാൻ നമ്മുടെ രോഗവും ആരോഗ്യവും അവന് ഉപയോഗിക്കുവാൻ സാധിക്കും.

കഷ്ടതകളിൽ പ്രാർത്ഥിക്കുവാൻ നമുക്കു കഴിയണം. അതുപോലെ തന്നെ കർത്താവു നൽകുന്ന സുഖസൗകര്യങ്ങളിൽ സന്തോഷിക്കുന്നവർ ആകണം (1 തിമൊ. 6:17). കഷ്ടതകളിലും സന്തോഷിക്കുവാൻ പദവി ലഭിച്ചവരാണ് വിശ്വാസികൾ (പ്രവൃ. 16:25; 2 കൊരി. 6:10). ദൈവമക്കൾ രോഗികൾ ആകുമ്പോൾ അവർക്കുവേണ്ടി പ്രാർത്ഥിക്കണം. പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ചും ആവശ്യത്തെക്കുറിച്ചുമുള്ള ബോധം അവർക്കുണ്ടാകണം. ഇവിടെ രോഗിയായ വിശ്വാസി സ്വന്തപാപത്തെക്കുറിച്ചു ബോധമുള്ളവനായി (1 കൊരി. 11:30) സഭയിലെ മൂപ്പന്മാരെ വരുത്തി അവനുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നു. ഒരുപക്ഷേ ഈ സഹോദരൻ സ്വന്തപാപം നിമിത്തം സഭയുടെ ശിക്ഷണവിധിക്കു വിധേയനായിരിക്കണം (1 കൊരി. 5). അവൻ പാപം അനുതപിച്ചു ദൈവജനത്തോടു കൂട്ടായ്മ പുലർത്തുവാൻ ആഗ്രഹിച്ചു. അതു സഭയിലെ മൂപ്പന്മാരെ അറിയിക്കുവാനും അവനുവേണ്ടി പ്രാർത്ഥിക്കുവാനും ആഗ്രഹമുള്ളവനായി. മൂപ്പന്മാർ അത് അംഗീകരിച്ചുകൊണ്ടു കർത്താവിന്റെ നാമത്തിൽ (ഹിതത്തിൽ) അവനുവേണ്ടി പ്രാർത്ഥിച്ചു. എണ്ണ പൂശു ന്നതു രോഗസൗഖ്യത്തിനു വേണ്ടി ആയിരുന്നില്ല. രോഗം സൗഖ്യമാക്കുന്നതു കർത്താവാണ്. രോഗം പാപം മൂലം സംഭവിച്ചതാകയാൽ പാപം ഏറ്റുപറഞ്ഞ് അനുതപിക്കയും മൂപ്പന്മാർ അത് അംഗീകരിച്ചുകൊണ്ടു (എണ്ണ പൂശി) അവനുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുമ്പോൾ ദൈവം പാപങ്ങൾ ക്ഷമിച്ചു രോഗസൗഖ്യം നൽകയും ദൈവജനത്തോടു കൂട്ടായ്മ പുലർത്തുവാൻ അവൻ യോഗ്യത ഉള്ളവനാകയും ചെയ്യും എന്നു സാരം.

നാം വിശ്വാസത്തോടെ പ്രാർത്ഥിക്കണം. ദൈവഹിതപ്രകാരമുള്ള പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കും എന്നുള്ള ധൈര്യമാണ് അത് (1 യോഹ. 5:14). ദൈവവചനം വിവേചിക്കുവാൻ പ്രാപ്തരായവർക്കു വിശ്വാസത്തോടെ പ്രാർത്ഥിക്കുവാൻ കഴിയും. രോഗത്തിനു കാരണമായ പാപങ്ങൾ അന്യോന്യം ഏറ്റുപറഞ്ഞുകൊണ്ടു പ്രാർത്ഥിക്കണം. നമ്മുടെ പ്രാർത്ഥന പ്രത്യേക വിഷയങ്ങൾക്കുള്ളതാകുമ്പോൾ അതു ശ്രദ്ധയേറിയ പ്രാർത്ഥനയായി തീരുന്നു. നീതിമാന്മാരുടെ അങ്ങനെയുള്ള പ്രാർത്ഥന വളരെ ഫലിക്കുന്നു. ഏലീയാ വിന്റെ പ്രാർത്ഥനയിൽ ഈ മൂന്നു സ്വഭാവങ്ങൾ കാണാവുന്നതാണ്. അതു ദൈവമഹത്വം ലക്ഷ്യമായുള്ളതും പ്രത്യേക സ്വഭാവമുള്ള വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയായിരുന്നു (5:17,18).

തെറ്റിൽ അകപ്പെടുന്ന വിശ്വാസികളെ യഥാസ്ഥാനപ്പെടുത്തുന്ന ശുശ്രൂഷ വളരെ പ്രാധാന്യം ഉള്ളതാകുന്നു. ആത്മീയരായവർക്കു മാത്രമേ അതു സാധിക്കുകയുള്ളൂ (ഗലാ. 6:1-3). അവർ സൗമ്യത ഉള്ളവരും ആത്മാക്കളെക്കുറിച്ചു ഭാരപ്പെടുന്നവരും ജീവിതവിശുദ്ധി ഉള്ളവരും ആയിരിക്കണം. സത്യത്തിലേക്കു മടങ്ങിവരുവാൻ

വചനശുശ്രൂഷ ആവശ്യമാകുന്നു. സഭയിലുള്ള ആളാംപ്രതി വേലയുടെ ആവശ്യം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. പിൻമാറ്റക്കാരൻ അനുതപിക്കാതിരുന്നാൽ ജഡസംഹാരം സംഭവിക്കാവുന്നതാണ് (1 കൊരി. 11:30). അവർ സത്യത്തിലേക്കു തിരിയുവാൻ സഹായിക്കുന്നവർ അവരെ ആത്മീയമായ മരിച്ച അവസ്ഥയിൽനിന്നും രക്ഷിക്കുന്നു. അനവധിയായ പാപങ്ങൾ ദൈവം അവരോടു ക്ഷമിക്കുന്നതു കണ്ട് അവർ സന്തോഷിക്കുന്നു. ദൈവം ക്ഷമിച്ച പാപങ്ങൾ കൊട്ടിഘോഷിക്കാതെ അവരെ സഹോദരന്മാരായി അംഗീകരിച്ചു കൂട്ടായ്മ പുലർത്തുവാൻ അവർ സന്മനസ്സുള്ളവരാണ്. പ്രാർത്ഥനയും ദൈവവചനധ്യാനവും ആളാംപ്രതി വേലയ്ക്ക് ഒഴിച്ചുകൂടാത്തതാകുന്നു. അതിൽ വർദ്ധിച്ചുവരുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

* * *